## കേന്ദ്ര വിദേശകാര്യ മന്ത്രിയും നെതർലാണ്ട്സ് വിദേശകാര്യമന്ത്രിയും കൂടിക്കാഴ്ച നടത്തി

മെയ് 09, 2017

കേന്ദ്ര വിദേശകാര്യ വകുപ്പ് മന്ത്രി ആദരണീയയായ ശ്രീമതി സുഷമ സ്വരാജ് നെതർലാണ്ട്സ് വിദേശകാര്യമന്ത്രി ഹിസ് എക്സലൻസി ശ്രീ ബെർട് കോയെണ്ടേഴ്സുമായി ഇന്ന് കൂടിക്കാഴ്ച നടത്തി. ഉഭയകക്ഷി ബന്ധങ്ങളില് ഈ അടുത്ത വർഷങ്ങളില് ഉണ്ടായ മുന്നേറ്റത്തില് ഇരു നേതാക്കളും സംതൃപ്തി രേഖപ്പെടുത്തി . പരസ്പരം താത്പര്യമുള്ള മേഖലാ-ആഗോള വിഷയങ്ങളില് അവര് കാഴ്ചപ്പാടുകള് പങ്ക് വച്ചു

ഉഭയകക്ഷി ബന്ധങ്ങളുടെ കാതലാണ് ഇന്ത്യയും നെതർലാണ്ട്സും തമ്മിലുള്ള സാമ്പത്തിക ബന്ധങ്ങള് . സ്വച്ഛ ഭാരത്, നമാമി ഗംഗേ, മെക് ഇന് ഇന്ത്യ പോലെയുള്ള ഇന്ത്യയുടെ പ്രമുഖ വികസന പരിപാടികളില് വളരെ ഊർജസ്വലമായി പങ്കെടുക്കുന്ന ഡച്ച് കമ്പനികളെ വിദേശകാര്യ മന്ത്രി അഭിനന്ദിച്ചു. ജലം, മാലിന്യ കൈകാര്യംചെയ്യല് , നവീകരിക്കാവുന്ന ഊർജം, സ്മാർട്ട് സിറ്റികള് , ഉൾനാടന് ജലഗതാഗതം , തുറമുഖങ്ങള്, ഷിപ്പിംഗ് തുടങ്ങിയവയില് ഇപ്പോള് നടക്കുന്ന ഉഭയകക്ഷി സഹകരണം കൂടുതല് വർദ്ധിപ്പിക്കുന്നതിനെ മന്ത്രിമാര് സ്വാഗതം ചെയ്തു . ഇന്ത്യയുടെ പ്രധാന നിക്ഷേപകരില് അഞ്ചാം സ്ഥാനമാണ് നെതർലണ്ട്സിന്, അത് 20.5 ബില്ല്യണ് അമേരിക്കന് ഡോളര് നിക്ഷപമാണ്. 2016 ല് 6.3 ബില്ല്യണ് അമേരിക്കന് ഡോളറായി എത്തിയ ഉഭയകക്ഷി വ്യാപാരത്തിലെ സകാരാത്മകമായ വളർച്ചയില് ഇരു മന്ത്രിമാരും സംതൃപ്തി രേഖപ്പെടുത്തി , ഒപ്പം ഇനിയും കൂടുതല് വളരാനുള്ള ശക്തിയുണ്ട് ഇതിന് എന്നും അവര് അംഗീകരിച്ചു

ആണവ വിതരണ സംഘം ഉൾപ്പെടെ നിരവധി ബഹുമുഖ കയറ്റുമതി നിയന്ത്രണ ഭരണവ്യവസ്ഥകളില് ഇന്ത്യയുടെ പ്രവേശനത്തെ പിന്തുണക്കുന്നതിന് മന്ത്രി സുഷമ സ്വരാജ് നെതർലാണ്ട്സിനോട് നന്ദി അറിയിച്ചു . ഐക്യരാഷ്ട്ര സുരക്ഷാ കൌൺസിലില് ഇന്ത്യക്ക് സ്ഥിരാംഗത്വത്തിനായുള്ള തങ്ങളുടെ ശക്തമായ പിന്തുണ ഡച്ച് മന്ത്രി രേഖപ്പെടുത്തി. അന്താരാഷ്ട്ര സോളാര് അലയൻസ് ( ഐഎസ്എ ) സംരംഭത്തിലൂടെ കാലാവസ്ഥാ വ്യതിയാനത്തെ അഭിമുഖീകരിക്കുവാന് ഇന്ത്യ നേതൃത്വം വഹിച്ചതിനെ അദ്ദേഹം അഭിനന്ദിച്ചു, ഒപ്പം പദ്ധതിക്കുള്ള പിന്തുണയും അറിയിക്കുകയും കാറ്റില് നിന്നുള്ള ഊർജത്തില് നെതർലാണ്ട്സിനുള്ള ശക്തിയും ചൂണ്ടിക്കാണിച്ചു

അന്താരാഷ്ട്ര സമാധാനത്തിനും സുരക്ഷക്കും ഭീഷണിയാകുന്ന തീവ്രവാദത്തിന്റെ പ്രവർത്തനങ്ങളില് ഇരു നേതാക്കളും അഗാധമായ ഉത്കണ്ഠ പ്രകടിപ്പിക്കുകയും ഏത് രൂപത്തിലും തീവ്രവാദം സൃഷ്ടിക്കുന്ന ഉപദ്രവങ്ങളോട് യുദ്ധം ചെയ്യുന്നതിന് ആഗോളതലത്തിലും ഉഭയകക്ഷി രീതിയിലും പ്രവർത്തിക്കുമെന്നും അവര് ആവർത്തിച്ചു പറഞ്ഞു . ഐക്യരാഷ്ട്രസഭയിലെ അന്താരാഷ്ട്ര തീവ്രവാദത്തെ കുറിച്ചുള്ള സമഗ്ര സമ്മേളനം (Comprehensive Convention on International Terrorism [CCIT] എത്രയും പെട്ടെന്നു കൈക്കൊള്ളുവാനുള്ള നെതർലാണ്ട്സിന്റെ പിന്തുണ വിദേശകാര്യമന്ത്രി സുഷമ സ്വരാജ് ആവശ്യപ്പെട്ടു

യൂറോപ്പില് ഏറ്റവും കൂടിയ എണ്ണം ഇന്ത്യന് വംശജര്ക്ക് ആതിഥ്യം നൽകുന്ന രാജ്യമാണ് നെതർലാണ്ട്സ് . ഈ പശ്ചാത്തലത്തില് ഇന്ത്യയും നെതർലാണ്ട്സും തമ്മില് നേരിട്ടുള്ള വിമാന ബന്ധങ്ങള് ശക്തമാക്കുന്നതിനെ ഇരു മന്ത്രിമാരും സ്വാഗതം ചെയ്തു , ഇത് വഴി ജനങ്ങള് തമ്മിലുള്ള ബന്ധങ്ങളും വ്യാപാര ബന്ധങ്ങളും കൂടുതല് ശക്തമാക്കുവാന് സാധിയ്ക്കും

സ്വച്ഛ ഭാരത് അഭിയാന് പശ്ചാത്തലത്തില് , ഇപ്പോള് നടന്നു കൊണ്ടിരിക്കുന്ന ലോട്ടസ് പദ്ധതിയുടെ കീഴില് ([Local Treatment of Urban Sewage Streams for Healthy Re-use] ഡെൽഹിയിലെ ബാരാപുള്ള ചാല് വൃത്തിയാക്കുന്നതിനെയും ദീവാളി ( [Dutch-Indo Water Alliance Leadership Initiative] പദ്ധതിയിന് കീഴില് ബറോഡയിലെ മാലിന്യ ജല പദ്ധതിയെയും മന്ത്രി സുഷമ സ്വരാജ് അഭിനന്ദിച്ചു. പിന്നീട് ബാരാപുള്ള ചാല് വൃത്തിയാക്കാലിന് വേണ്ടിയുള്ള ഒരു പ്ലാന്റിന്റെ തറക്കില്ലടല് ചടങ്ങിലും ഡച്ച് വിദേശകാര്യമന്ത്രി പങ്കെടുത്തു

സന്ദർശനത്തിന്റെ ഭാഗമായി കൊച്ചിയും ബംഗളൂരുവും വിദേശ മന്ത്രി കോയെണ്ടേഴ്സ് സന്ദർശിച്ചു . നയതന്ത്ര ബന്ധങ്ങള് സ്ഥാപിച്ചതിന്റെ എഴുപതാം വാർഷികം ഈ വർഷം ഇരു രാജ്യങ്ങളും ആഘോഷിക്കുകയാണ്. ഈ വർഷം ബംഗളൂരുവില് നെതർലാണ്ട്സ് കോൺസുലേറ്റ് ജനറല് തുറക്കുമെന്ന് സന്ദർശനത്തോട് അനുബന്ധിച്ച് മന്ത്രി കോയെണ്ടേഴ്സ് പ്രഖ്യാപിച്ചു

ന്യൂഡെൽഹി
മേയ് 09, 2017